LIBRARY ARCHIVES Kerala Legislative Assembly

മുൻപ് അനുവദിച്ച 9 ഏക്കർ ഭൂമിയിൽ നിന്നും 5 ഏക്കർ ഭൂമി മാത്രം കെട്ടിട നിർമ്മാണത്തിന് അനുവദിച്ചിട്ടുള്ളതിനാൽ ആദ്യം നിർമ്മിക്കുവാൻ ഉദ്ദേശിച്ച സ്ഥലത്തുനിന്നും കെട്ടിടങ്ങൾ മാറ്റി ലൊക്കേറ്റ് ചെയ്യേണ്ടി വന്നതിനാൽ റിവൈസ് ചെയ്ത പ്ലാനും എസ്റ്റിമേറ്റും KSCC തയ്യാറാക്കി അംഗീകാരത്തിനായി ലഭ്യമാക്കിയിരിക്കുകയാണ്. ആയതിന് KIIFB-യുടെ അംഗീകാരം വാങ്ങി നിർമ്മാണ പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതാണ്.

വെറ്റിലപ്പാറയിൽ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ

52(358) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ അതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറയിൽ എക്സ്-സർവ്വീസ്മെൻ കോളനി സൊസൈറ്റി വിട്ടു നൽകിയ സ്ഥലത്ത് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

വെറ്റിലപ്പാറയിൽ എക്സ്-സർവ്വീസ്മെൻ കോളനി വിട്ടുനൽകിയ സ്ഥലത്ത് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ഹോസ്റ്റൽ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഇതിനായി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി തൃശ്ശൂർ പി.ഡബ്ല്യു.ഡി. (ബിൽഡിംഗ് ഡിവിഷൻ) എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ 5.50 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും പരിഷ്കരിച്ച പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

സ്റ്റേറ്റ് മെഡിക് ഹോസ്റ്റൽ

53 (359) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേരി കവളങ്ങാട് സ്റ്റേറ്റ് മെഡിക് ഹോസ്റ്റൽ ആരംഭിക്കുന്നതിനുള്ള കെട്ടിടം പണി പൂർത്തിയായെങ്കിലും നാളിതുവരെയും പട്ടികജാതി, പട്ടികവർഗ്ഗക്കാരായ കുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യം അനുവദിക്കാതെ അടച്ചിട്ടിരിക്കുന്നതിനാൽ ഹോസ്റ്റൽ പ്രവർത്തനമാരംഭിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി വികസന വകുപ്പിനുകീഴിൽ 1987-88 കാലഘട്ടത്തിൽ മഞ്ചേരി എൻ.എസ്.എസ്. കോളേജ്, മലപ്പുറം ഗവൺമെന്റ് കോളേജ് എന്നീ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ താമസ സൗകര്യം ഉദ്ദേശിച്ച് മഞ്ചേരി മണ്ഡലത്തിലെ കവളങ്ങാട് ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റൽ പണി കഴിപ്പിച്ചിരുന്നുവെങ്കിലും വിദ്യാർത്ഥികളെ ലഭിക്കാത്ത സാഹചര്യത്തിൽ പ്രവർത്തനം ആരംഭിക്കുവാൻ സാധിച്ചിരുന്നില്ല. തുടർന്ന് പ്രസ്തുത കെട്ടിടം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മോഡൽ റെസിഡൻഷ്യൽ സ്കൂളായി 10 വർഷത്തോളം ഉപയോഗിച്ചിരുന്നുവെങ്കിലും പിന്നീട് പട്ടികവർഗ്ഗ വികസന വകുപ്പിന് മോഡൽ റെസിഡൻഷ്യൽ സ്കൂളിനായി പുതിയ കെട്ടിടം പണി കഴിപ്പിച്ച സാഹചര്യത്തിൽ ഹോസ്റ്റൽ കെട്ടിടം ഒഴിയുകയുണ്ടായി. നിലവിൽ ടി കെട്ടിടം ഒരു സർക്കാർ സ്ഥാപനം പ്രവർത്തിപ്പിക്കുവാൻ തക്കവിധത്തിൽ ഉപയോഗ യോഗ്യമല്ലാത്ത അവസ്ഥയിലാണ്. നവീകരിച്ച് പുനരുപയോഗ പ്രദമാക്കാനാകാത്ത വിധം കെട്ടിടത്തിന് ബലക്ഷയം സംഭവിച്ചിട്ടുണ്ട്. കെട്ടിടം നവീകരിച്ച് പോസ്റ്റ് മെട്രിക് ഹോസ്റ്റലായി പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ വിശദമായ എസ്റ്റിമേറ്റും റിപ്പോർട്ടും ലഭ്യമാക്കുന്നതിന് മലപ്പുറം ജില്ലാ പട്ടികജാതി വികസന ആഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ആദിവാസികൾക്ക് തൊഴിൽ പരിശീലനം

54 (360) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാം ആദിവാസി തൊഴിൽ പരിശീലന കേന്ദ്രങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ?

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള തൊഴിൽ പരിശീലന സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:

1. ഗവ.ഐ.റ്റി.ഐ, കുട്ടമല, തിരുവനന്തപുരം

2. ഗവ.ഐ.റ്റി.ഐ നാടുകാണി, ഇടുക്കി

3. തയ്യൽ പരിശീലന കേന്ദ്രം, റാന്നി, പത്തനംതിട്ട

4. തയ്യൽ പരിശീലന കേന്ദ്രം, മുരുക്കുംവയൽ, കോട്ടയം

5. തയ്യൽ പരിശീലന കേന്ദ്രം, മേലുകാവ്, കോട്ടയം